പതിനാലാം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.208

06.12.2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. അൻവർ സാദത്ത്
ശ്രീ. റോജി എം. ജോൺ
ശ്രീ. ഹൈബി ഈഡൻ

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ചെലവ് ചുരുക്കൽ**

| | | |
|---|---|---|
| (എ) | പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ എന്തൊക്കെ ചെലവ് ചുരുക്കൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടു വരുന്നത്. നടപ്പ് വർഷത്തെ പദ്ധതിയിൽ 20% പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾക്കും, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾക്കും ഒഴികെയുള്ള സ്കീമുകളിൽ നിന്നും കുറവ് വരുത്തുന്നതിനും, ഈ തുക റോഡുകളുടെയും കുടിവെള്ള പദ്ധതികളുടെയും പുനഃസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ഭേദഗതി വരുത്തുവാനും നിശ്ചയിച്ചിരുന്നു. സാമ്പത്തിക അച്ചടക്കം ഉറപ്പ് വരുത്തുന്നതിന്റെയും, ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും, വിമാന യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുമാണ്. |

| | | |
|---|---|---|
| (ബി) | സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും അനാവശ്യ പരസ്യങ്ങൾക്കും ആഘോഷങ്ങൾക്കുമായി കോടികൾ മുടക്കുന്നത് ന്യായീകരിക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ; | അനാവശ്യ പരസ്യങ്ങൾക്കും ആഘോഷങ്ങൾക്കുമായി സർക്കാർ പണം ചെലവഴിച്ചിട്ടില്ല. |
| (സി) | കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഏതെങ്കിലും വകുപ്പുകളിലോ ബോർഡുകളിലോ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | ഇല്ല. പൊതുമേഖലയിലും സ്വകാര്യ മേഖലയിലും തൊഴിലവസരങ്ങൾ സൃഷ്ടിച്ച് തൊഴിലില്ലായ്മ പരിഹരിക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നിയമന നിരോധനം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 12000 ത്തിൽപ്പരം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലാണ് പ്രധാനമായും പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. ആവശ്യമായ വർക്ക് സ്റ്റഡിക്കു ശേഷം മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ പാടുള്ളൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന് നിയമന നിരോധനവുമായി ബന്ധമില്ല. നിലവിലുള്ള തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ PSC ലിസ്റ്റിൽ നിന്നുള്ള നിയമനം ത്വരിതപ്പെടുത്തുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. |

അക്കൗണ്ട്സ് ഓഫീസർ